ടി.കെ ഉബൈദ്

1198

സൂറ - 43

# അസ്സുഖ്റുഫ്

**സൂക്തം 46-53**

▼

ഫറവോന്റെ വിളംബരത്തിൽ വിളങ്ങുന്ന, അയാളുടെ അധികാര ഡംഭും ധിക്കാരവും കാപട്യവും തന്നെയാണ് 'മക്കയിലും ത്വാഇഫിലും ഞങ്ങളെപ്പോലുള്ള മഹാ പുരുഷന്മാരിരിക്കെ ഈ ഏഴയായ മുഹമ്മദിന് വേദമിറക്കിയതെന്തേ' എന്ന് ചോദിക്കുന്ന ഖുറൈശികളെയും ഭരിക്കുന്നത് എന്ന് സൂചിപ്പിക്കുകയാണ്. അതാണ് ഈ സന്ദർഭത്തിൽ മൂസാ -ഫറവോൻ സംഭവം അനുസ്മരിക്കുന്നതിന്റെ ഔചിത്യം.

وَلَقَدْ أَرْسَلْنَا مُوسَىٰ بِآيَاتِنَا إِلَىٰ فِرْعَوْنَ وَمَلَإِيهِ فَقَالَ إِنِّي رَسُولُ رَبِّ الْعَالَمِينَ ﴿٤٦﴾
فَلَمَّا جَاءَهُم بِآيَاتِنَا إِذَا هُم مِّنْهَا يَضْحَكُونَ ﴿٤٧﴾ وَمَا نُرِيهِم مِّنْ آيَةٍ إِلَّا هِيَ أَكْبَرُ مِنْ أُخْتِهَا
وَأَخَذْنَاهُم بِالْعَذَابِ لَعَلَّهُمْ يَرْجِعُونَ ﴿٤٨﴾ وَقَالُوا يَا أَيُّهَ السَّاحِرُ ادْعُ لَنَا رَبَّكَ بِمَا عَهِدَ عِندَكَ إِنَّنَا
لَمُهْتَدُونَ ﴿٤٩﴾ فَلَمَّا كَشَفْنَا عَنْهُمُ الْعَذَابَ إِذَا هُمْ يَنكُثُونَ ﴿٥٠﴾ وَنَادَىٰ فِرْعَوْنُ فِي قَوْمِهِ
قَالَ يَا قَوْمِ أَلَيْسَ لِي مُلْكُ مِصْرَ وَهَٰذِهِ الْأَنْهَارُ تَجْرِي مِن تَحْتِي أَفَلَا تُبْصِرُونَ ﴿٥١﴾ أَمْ أَنَا
خَيْرٌ مِّنْ هَٰذَا الَّذِي هُوَ مَهِينٌ وَلَا يَكَادُ يُبِينُ ﴿٥٢﴾ فَلَوْلَا أُلْقِيَ عَلَيْهِ أَسْوِرَةٌ مِّن ذَهَبٍ أَوْ جَاءَ مَعَهُ
الْمَلَائِكَةُ مُقْتَرِنِينَ ﴿٥٣﴾

*46*

*മൂസാ പ്രവാചകനെ നാം ഫറവോനിലേക്കും നാട്ടുപ്രമാണിമാരിലേക്കും നമ്മുടെ ദൃഷ്ടാന്തങ്ങളുമായി അയച്ചിട്ടുണ്ടായിരുന്നു. മൂസാ പ്രസ്താവിച്ചു: ഞാൻ സർവലോക വിധാതാവിന്റെ ദൂതനാകുന്നു.*

*47*

*നമ്മുടെ ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുത്തപ്പോൾ*
*അവരതാ അതിനെ പരിഹസിച്ച് പൊട്ടിച്ചിരിക്കുന്നു.*

*48*

*നാം പ്രത്യക്ഷപ്പെടുത്തിയ ദൃഷ്ടാന്തങ്ങളൊക്കെയും ഒന്നിനൊന്നു മികച്ചതായിരുന്നു.*
*നാം അവരെ പീഡകളാൽ പിടികൂടുകയും ചെയ്തു; അവർ സത്യത്തിലേക്കു മടങ്ങാൻ.*

*49*

*അവർ മൂസായോടപേക്ഷിച്ചുകൊണ്ടിരുന്നു: ഓ, മാന്ത്രികനേ, താങ്കളുടെ കൈവശമുള്ള വരം*
*കൊണ്ട് ഞങ്ങളുടെ പീഡയകറ്റാൻ താങ്കളുടെ നാഥനോട് പ്രാർഥിച്ചാലും.*
*തീർച്ചയായും ഞങ്ങൾ സന്മാർഗം സ്വീകരിച്ചുകൊള്ളാം.*

*50*

*നാം അവരുടെ പീഡയകറ്റിയപ്പോഴോ, അവരതാ വാക്കു മാറുന്നു.*

*51*

*ഫറവോൻ സ്വജനത്തിൽ വിളംബരം ചെയ്തു: എന്റെ ജനമേ, മിസ്വ്രയീമിന്റെ*

*ആധിപത്യവും അധികാരവും എനിക്കല്ലയോ? ഈ നദികൾ ഒഴുകുന്നത്*
*എന്റെ കീഴിൽ തന്നെയല്ലയോ? നിങ്ങൾ കാണുന്നില്ലയോ?*

*52*

*ഞാനോ അതല്ല, നീചനും നിസ്സാരനും വാദം വ്യക്തമായി അവതരിപ്പിക്കാൻ പോലും*
*കഴിയാത്തവനുമായ ഇവനോ ശ്രേഷ്ഠൻ?*

*53*

*അവൻ കനക കങ്കണങ്ങളണിയിക്കപ്പെടാത്തതെന്തേ?*
*അല്ലെങ്കിൽ അവനകമ്പടിയായി മലക്കുകൾ വരാത്തതെന്തേ?*

| | |
|---|---|
| മൂസാ (പ്രവാചക)നെ നാം അയച്ചിട്ടുണ്ടായിരുന്നു | وَلَقَدْ أَرْسَلْنَا مُوسَىٰ |
| നമ്മുടെ ദൃഷ്ടാന്തങ്ങളുമായിട്ട് | بِآيَاتِنَا |
| ഫറവോനിലേക്കും അവൻെറ നാട്ടുപ്രമാണിമാരിലേക്കും | إِلَىٰ فِرْعَوْنَ وَمَلَئِهِ |
| അവൻ പറഞ്ഞു (മൂസാ പ്രസ്താവിച്ചു) | فَقَالَ |
| ഞാൻ സർവലോക വിധാതാവിൻെറ ദൂതനാകുന്നു | إِنِّي رَسُولُ رَبِّ الْعَالَمِينَ |
| നമ്മുടെ ദൃഷ്ടാന്തങ്ങ(ൾ അവർക്കു കാണിച്ചുകൊടുത്തപ്പോൾ)ളുമായി അവരിൽ ചെന്നപ്പോൾ | فَلَمَّا جَاءَهُم بِآيَاتِنَا |
| അവർ അതാ | إِذَا هُم |
| അതിനാൽ(തിനെ പരിഹസിച്ചു പൊട്ടി)ച്ചിരിക്കുന്നു | مِّنْهَا يَضْحَكُونَ |
| നാം ഒരു ദൃഷ്ടാന്തവും അവരെ കാണിച്ചിട്ടില്ല (നാം പ്രത്യക്ഷപ്പെടുത്തിയ ദൃഷ്ടാന്തങ്ങളൊക്കെയും) | وَمَا نُرِيهِم مِّنْ آيَةٍ |
| അത് അതിൻെറ സഹോദരിയെക്കാൾ വലുതായിട്ടല്ലാതെ (ഒന്നിനൊന്നു മികച്ചതായിരുന്നു) | إِلَّا هِيَ أَكْبَرُ مِنْ أُخْتِهَا |
| അവരെ പീഡയാ(ഡകളാ)ൽ പിടികൂടുകയും ചെയ്തു | وَأَخَذْنَاهُم بِالْعَذَابِ |
| അവർ (സത്യത്തിലേക്കു) മടങ്ങാൻ | لَعَلَّهُمْ يَرْجِعُونَ |
| അവർ പറഞ്ഞു (മൂസായോട് അപേക്ഷിച്ചുകൊണ്ടിരുന്നു) | وَقَالُوا |
| ഓ, മാന്ത്രികനേ | يَا أَيُّهَ السَّاحِرُ |
| (ഞങ്ങളുടെ പീഡയകറ്റാൻ) ഞങ്ങൾക്കുവേണ്ടി താങ്കളുടെ നാഥനോട് പ്രാർഥിച്ചാലും | ادْعُ لَنَا رَبَّكَ |
| നിൻെറയടുക്കൽ വാഗ്ദത്തം ചെയ്തിട്ടുള്ളതുകൊണ്ട് (താങ്കളുടെ കൈവശമുള്ള വരം കൊണ്ട്) | بِمَا عَهِدَ عِندَكَ |
| തീർച്ചയായും ഞങ്ങൾ സന്മാർഗ (ം സ്വീകരിച്ചുകൊള്ളാം)സ്ഥരാകുന്നു | إِنَّنَا لَمُهْتَدُونَ |
| നാം അവരി(രുടെ)ൽനിന്ന് ശിക്ഷ നീക്കിയപ്പോൾ (പീഡയകറ്റിയപ്പോഴോ) | فَلَمَّا كَشَفْنَا عَنْهُمُ الْعَذَابَ |
| അവരതാ ലംഘിക്കുന്നു (വാക്ക് മാറുന്നു) | إِذَا هُمْ يَنكُثُونَ |
| ഫറവോൻ സ്വജനത്തിൽ വിളിച്ചുപറഞ്ഞു (വിളംബരം ചെയ്തു) | وَنَادَىٰ فِرْعَوْنُ فِي قَوْمِهِ |

**സ്വസമുദായത്തെ അടിമത്തത്തിൽനിന്ന് മോചിപ്പിക്കുകയും അവരെയും അവരുടെ ഉടമകളായ ഖിബ്ത്വികളെയും ഏകദൈവത്തിന്റെ അടിമത്തത്തിലേക്ക് പ്രബോധനം ചെയ്യുകയുമായിരുന്നു മൂസാനബിയുടെ ദൗത്യം.**

## ഖുർആൻ ബോധനം

| | |
|---|---|
| അവൻ പറഞ്ഞു | قَالَ |
| എൻെറ ജനമേ | يَا قَوْمِ |
| എനിക്കല്ലയോ? | أَلَيْسَ لِي |
| മിസ്രയീമിൻെറ ആധിപത്യം, അധികാരം | مُلْكُ مِصْرَ |
| ഈ നദികൾ ഒഴുകുന്നു(ന്നത്) | وَهَٰذِهِ الْأَنْهَارُ تَجْرِي |
| എൻെറ കീഴിൽതന്നെ (അല്ലയോ?) | مِن تَحْتِيٓ |
| നിങ്ങൾ കാണുന്നില്ലയോ? | أَفَلَا تُبْصِرُونَ |
| ഞാനോ, അതല്ല? | أَمْ أَنَا |
| നല്ലത്, ശ്രേഷ്ഠൻ | خَيْرٌ |
| ഇവനെക്കാൾ | مِّنْ هَٰذَا |
| നീചൻ(നും നിസ്സാരനും) | الَّذِي هُوَ مَهِينٌ |
| അവൻ വെളിവാക്കാറായിട്ടുമില്ല (വാദം വ്യക്തമായി അവതരിപ്പിക്കാൻ പോലും കഴിയാത്തവനുമായ) | وَلَا يَكَادُ يُبِينُ |
| അവ(ൻ)ൻെറ മേൽ ഇടാത്തത് (അണിയിക്കപ്പെടാത്തത്) എന്തേ? | فَلَوْلَا أُلْقِيَ عَلَيْهِ |
| കനകത്താലുള്ള കങ്കണങ്ങൾ | أَسْوِرَةٌ مِّن ذَهَبٍ |
| അല്ലെങ്കിൽ അവൻെറ കൂടെ വരാതിരുന്നത് എന്തേ? | أَوْ جَاءَ مَعَهُ |
| കൂട്ടാളികളായി (അകമ്പടിയായി) മലക്കുകൾ | الْمَلَائِكَةُ مُقْتَرِنِينَ |

**ഫറവോന്റെ മുന്നിലെത്തിയ മൂസാ(അ), സർവലോക വിധാതാവിന്റെ ദൂതനായിട്ടാണ് ഞാൻ അങ്ങയുടെ സന്നിധിയിലെത്തിയിരിക്കുന്നതെന്നു ബോധിപ്പിച്ചു. ആ പരിചയപ്പെടുത്തൽ തന്നെ ഫറവോനെ ഞെട്ടിക്കുന്നതായിരുന്നു.**

വിശുദ്ധ ഖുർആൻ ഏറെ അനുസ്മരിച്ചിട്ടുള്ള പ്രവാചകനാണ് മൂസാ(അ). അതിന് പല കാരണങ്ങളുണ്ട്: മൂസാ(അ)യും ഇബ്‌റാഹീം നബിയുടെ പിന്മുറക്കാരനാകുന്നു എന്നതാണ് ഒന്ന്. അറേബ്യയുടെ വിവിധ ഭാഗങ്ങളിൽ കുടിയേറിയ യഹൂദരിലൂടെ അറബികൾ അദ്ദേഹത്തെക്കുറിച്ചു ധാരാളം കേട്ടിട്ടുണ്ട്. ദൈവിക ദീൻ പ്രബോധനം ചെയ്യാൻ നിയുക്തനായ പ്രവാചകൻ എന്നതിനു പുറമെ അടിമത്തത്തിലകപ്പെട്ട ഒരു ജനതയുടെ വിമോചകൻ എന്ന പരിവേഷവും കൂടിയുണ്ട് അദ്ദേഹത്തിന് എന്നതാണ് മറ്റൊരു കാരണം. അക്കാലത്തെ ലോക വൻശക്തിയായിരുന്ന ഫറവോൻ ചക്രവർത്തിയെ നേരിട്ടുകൊണ്ടാണ് അദ്ദേഹം ഇസ്‌ലാമിക പ്രബോധനത്തിലൂടെ സ്വസമൂഹത്തെ അടിമത്തത്തിൽനിന്ന് മോചിപ്പിക്കുന്നതിൽ വിജയം വരിച്ചത് എന്നതും അദ്ദേഹത്തെ കൂടുതൽ അനുസ്മരണീയനാക്കുന്നു. ഇസ്‌ലാമിക പ്രസ്ഥാനത്തോട് മൂസാ(അ)യുടെ സമുദായമായ ഇസ്രാഈല്യരും അവരുടെ യജമാനരായിരുന്ന ഫറവോൻ ഭരണകൂടവും സ്വീകരിച്ച സമീപനവും, മുഹമ്മദീയ പ്രബോധനത്തോട് അദ്ദേഹത്തിന്റെ സമുദായമായ ഖുറൈശികളും അക്കാലത്തെ ലോക ശക്തികളായ റോമാ-പേർഷ്യൻ ഭരണകൂടങ്ങളും സ്വീകരിച്ച സമീപനങ്ങളും തമ്മിൽ പല സാദൃശ്യങ്ങളുമുണ്ട്. ഇതും മൂസാ ചരിത്രത്തെ മുഹമ്മദീയ ചരിത്രത്തിൽ കൂടുതൽ പ്രസക്തമാക്കുന്നു. ഇത്തരം ബഹുമുഖ മാനങ്ങളിൽ ഓരോരോ മാനങ്ങളെ മുൻനിർത്തിയാണ് ഖുർആൻ ഓരോ സന്ദർഭങ്ങളിലും മൂസാ ചരിത്രം അനുസ്മരിക്കുന്നത്.

ഈ സൂറയുടെ ആരംഭത്തിൽ 6,7 സൂക്തങ്ങളിലായി പൂർവ കാലത്ത് പ്രവാചകന്മാർ നിയുക്തരായിരുന്നതിനെക്കുറിച്ചു പറയുന്നുണ്ട്. മിക്ക സമുദായങ്ങളും അവരിൽ ചെന്ന പ്രവാചകന്മാരെ തള്ളിപ്പറയുകയായിരുന്നു. അതിന്റെ പേരിൽ പല സമുദായങ്ങളും നശിച്ചുപോയി. അങ്ങനെ നശിപ്പിക്കപ്പെട്ട സമുദായങ്ങൾ ഇന്ന് മുഹമ്മദ് നബിയെ പരാജയപ്പെടുത്താൻ കച്ചകെട്ടി ഇറങ്ങിയ സത്യനിഷേധികളെക്കാൾ ശക്തിയും ശൗര്യവുമുള്ളവരായിരുന്നുവെന്നും പ്രസ്താവിച്ചു. അനന്തരം ഇബ്‌റാഹീം നബിയെയും അദ്ദേഹത്തിന്റെ സമുദായ

ത്തെയും അനുസ്മരിച്ചു. തുടർന്ന് മുഹമ്മദ് നബിക്കു നേരെ ഖുറൈശികൾ ഉന്നയിക്കുന്ന ആക്ഷേപശകാരങ്ങളും പരിഹാസോക്തികളും ചൂണ്ടിക്കാണിച്ചുകൊണ്ട് ഇതേ സമീപനത്തിനും അതിന്റെ ദുരന്ത പര്യവസാനത്തിനും ചരിത്രത്തിൽ നിന്നുള്ള ഒരു ഉദാഹരണമായി മൂസാ-ഫറവോൻ കഥ അനുസ്മരിക്കുകയാണിവിടെ. തൊട്ടുമുമ്പത്തെ وَاسْأَلْ مَنْ أَرْسَلْنَا مِن قَبْلِكَ -നിനക്കു മുമ്പ് നാം അയച്ച ദൂതന്മാരോടു ചോദിച്ചു നോക്കുക എന്ന വചനത്തോടും ഈ അനുസ്മരണത്തിന് ചേർച്ചയുണ്ട്.

സ്വസമുദായത്തെ അടിമത്തത്തിൽനിന്ന് മോചിപ്പിക്കുകയും അവരെയും അവരുടെ ഉടമകളായ ഖിബ്ത്വികളെയും ഏകദൈവത്തിന്റെ അടിമത്തത്തിലേക്ക് പ്രബോധനം ചെയ്യുകയുമായിരുന്നു ദൗത്യം. ഈ ദൗത്യം നിർവഹിക്കാൻ വെറും കൈയോടെ അയക്കുകയായിരുന്നില്ല അല്ലാഹു അദ്ദേഹത്തെ. തന്റെ സന്ദേശം ജനങ്ങളെ വിശ്വസിപ്പിക്കാനും അവരിൽ പരിവർത്തനമുണ്ടാക്കുവാനും പര്യാപ്തമായ ഒൻപതു ദൃഷ്ടാന്തങ്ങൾ അല്ലാഹു അദ്ദേഹത്തിനു നൽകിയിരുന്നു

وَلَقَدْ آتَيْنَا مُوسَىٰ تِسْعَ آيَاتٍ بَيِّنَاتٍ ۖ (17:101)

സുപ്രധാനമായ ചില ദൃഷ്ടാന്തങ്ങൾ 7:133-ൽ പ്രസ്താവിച്ചിരിക്കുന്നു: فَأَرْسَلْنَا عَلَيْهِمُ الطُّوفَانَ وَالْجَرَادَ وَالْقُمَّلَ وَالضَّفَادِعَ وَالدَّمَ آيَاتٍ مُّفَصَّلَاتٍ

(നാം അവരിൽ പ്രളയമയച്ചു. വെട്ടുകിളികളെ വിട്ടു. പേൻ വിതച്ചു. തവളകളെ പരത്തി, രക്തം വർഷിച്ചു; വെവ്വേറെ ദൃഷ്ടാന്തങ്ങളായിട്ട്). മറ്റു സൂക്തങ്ങൾ പരാമർശിച്ചിട്ടുള്ള, നിലത്തിട്ടാൽ സർപ്പമാകുന്ന വടി, കീശയിൽ കടത്തി പുറത്തെടുത്താൽ കൈവെളുത്തു തിളങ്ങൽ, വരൾച്ച, കൃഷിനാശം എന്നിവയാണ് ബാക്കി ദൃഷ്ടാന്തങ്ങൾ എന്നു പറയപ്പെടുന്നു. ഖുർആൻ പലയിടത്തായി പ്രസ്താവിച്ചിട്ടുള്ള ദൃഷ്ടാന്തങ്ങൾ പതിനാറോളമുണ്ട്. അതിൽ ഫറവോന്റെയും ഖിബ്ത്വികളുടെയും മുമ്പിൽ പ്രത്യക്ഷപ്പെടുത്തിയവയുടെ എണ്ണമാണ് 17:101-ൽ പറഞ്ഞ ഒൻപത്. ബാക്കിയുള്ളവ മൂസാ നബിയും ഇസ്രാഈല്യരും ഈജിപ്തിൽനിന്നു പലായനം ചെയ്ത ശേഷം പ്രത്യക്ഷപ്പെട്ടവയാണ്. ഒൻപതു ദൃഷ്ടാന്തങ്ങൾ കൊണ്ടുദ്ദേശ്യം ഒൻപതു പ്രമാണങ്ങളാണെന്നും നിയമങ്ങളാണെന്നുമൊക്കെ അഭിപ്രായങ്ങൾ വേറെയുമുണ്ട്. ഈ വിഷയകമായ കൂടുതൽ ചർച്ച ഖുർആൻ ബോധനം 7:133, 17:101 സൂക്തങ്ങൾക്കു താഴെ കാണുക.

പ്രകൃത സൂക്തം بِآيَاتِنَا -നമ്മുടെ ദൃഷ്ടാന്തങ്ങൾ- എന്നു പറഞ്ഞതിൽ മൂസാ (അ) ദൈവദൂതനാണെന്ന് ബോധ്യപ്പെടുത്തുന്ന ദിവ്യാത്ഭുതങ്ങളും, അദ്ദേഹം പ്രബോധനം ചെയ്ത ദൈവിക സൂക്തങ്ങളും ഉൾപ്പെടുന്നു. ഫറവോനെ മാത്രം മാർഗദർശനം ചെയ്യാനല്ല മൂസാ(അ) ആഗതനായത്; ഖിബ്ത്വി സമൂഹത്തെ മുഴുവൻ സംസ്കരിക്കാനാണ്. ഫറവോനെയും അവന്റെ പ്രമാണിമാരെയും -إِلَىٰ فِرْعَوْنَ وَمَلَإِهِ എന്ന പ്രയോഗം അതു സൂചിപ്പിക്കുന്നുണ്ട്. സമൂഹത്തിൽ സമ്പത്തും സ്വാധീനവും ഏറെയുള്ള വരേണ്യ വർഗമാണ് ملأ.

ഫറവോന്റെ മുന്നിലെത്തിയ മൂസാ(അ), സർവലോക വിധാതാവിന്റെ ദൂതനായിട്ടാണ് ഞാൻ അങ്ങയുടെ സന്നിധിയിലെത്തിയിരിക്കുന്നതെന്നു ബോധിപ്പിച്ചു. ആ പരിചയപ്പെടുത്തൽ തന്നെ ഫറവോനെ ഞെട്ടിക്കുന്നതായിരുന്നു. താനാണ് നാടിന്റെയും നാട്ടുകാരുടെയും അത്യുന്നത വിധാതാവ് എന്നായിരുന്നു അയാളുടെ നിലപാട് (79:24). ഒട്ടു പരിഹാസത്തോടെ ഫറവോൻ രാജസഭയോട് ഇങ്ങനെയും പ്രസ്താവിച്ചു: നാട്ടുമുഖ്യന്മാരേ, നിങ്ങൾക്ക് ഞാനല്ലാതൊരു ദൈവമുള്ളതായി ഞാനറിഞ്ഞില്ലല്ലോ (28:38). ഫറവോനു മാത്രമല്ല ഫറവോന്റെ പൂർവികർക്കും വിധാതാവായി ഒരുവനുണ്ടെന്നും അവനാണ് തന്നെ നിയോഗിച്ചതെന്നും മൂസാ(അ) തറപ്പിച്ചു പറഞ്ഞപ്പോൾ ശരി, അങ്ങനെയൊരു വിധാതാവുണ്ടെന്നതിനും അവന്റെ ദൂതനാണ് താനെന്നതിനും വല്ല തെളിവുമുണ്ടോ? ഉണ്ടെങ്കിൽ കാണിക്കൂ (7:106) എന്നായി ഫറവോൻ. തന്റെ പ്രവാചകത്വം സ്ഥാപിക്കാൻ പര്യാപ്തമായ ദൃഷ്ടാന്തമൊന്നും കാണിക്കാനാവില്ല, അഥവാ വല്ല ദൃഷ്ടാന്തവും കാണിച്ചാൽ തന്നെ താനതംഗീകരിക്കാനും പോകുന്നില്ല എന്നായിരുന്നു ഈ വെല്ലുവിളിയുടെ ധ്വനി. ആ സന്ദർഭത്തിൽ മൂസാ(അ) ചില ദിവ്യാത്ഭുതങ്ങൾ കാണിച്ചുകൊടുത്തു. ആ ദിവ്യാത്ഭുതങ്ങളുടെ യാഥാർഥ്യത്തെക്കുറിച്ച് അൽപം പോലും ആലോചിക്കാൻ ഫറവോൻ കൂട്ടാക്കിയില്ല. ഫറവോന്റെ സഭാ പ്രമാണികളും ആ ദൃഷ്ടാന്തങ്ങൾ പരിഗണിക്കാൻ തയാറായില്ല. ഹ...ഹ... ഇതൊക്കെയാണോ ദിവ്യ ദൃഷ്ടാന്തങ്ങൾ? ഇതു വെറും മാന്ത്രിക വിദ്യകളാണ്. ഈ മൂസായെ തന്നെ ഏതോ മന്ത്രവാദം ബാധിച്ചിരിക്കുന്നു

**ഫറവോനികളുടെ അഭ്യർഥന മാനിച്ച് മൂസാ(അ) പ്രാർഥിച്ചപ്പോഴൊക്കെ ആപത്തുകളകന്നുപോയി. പക്ഷേ, ആപത്തകന്നു കഴിഞ്ഞാൽ ജനം മൂസാ നബിക്കു കൊടുത്ത വാക്ക് മാറുകയും മറക്കുകയുമായിരുന്നു.**

എന്നാണെനിക്കു തോന്നുന്നത് (17:101) എന്ന് ചിരിച്ചു തള്ളുകയാണവർ ചെയ്തത്. അതെക്കുറിച്ചാണ് إِذَا هُم مِّنْهَا يَضْحَكُونَ എന്നു പറഞ്ഞത്. മൂസാ(അ) അതിനുശേഷവും പലപ്പോഴായി 7:33-ൽ പറഞ്ഞതുപോലെ പല പല ദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെടുത്തിക്കൊണ്ടിരുന്നു. ഓരോ ദിവ്യാത്ഭുതവും അതിനു മുമ്പ് പ്രത്യക്ഷപ്പെടുത്തിയതിനെക്കാൾ ഗുരുതരവും താൻ ദൈവത്താൽ നിയുക്തനാണെന്നു കൂടുതൽ ശക്തമായി സ്ഥാപിക്കുന്നതുമായിരുന്നു. ഖിബ്ത്വികളെ പീഡിപ്പിക്കുന്നതായിരുന്നു പ്രളയം, വെട്ടുകിളി, പേൻ പെരുപ്പം പോലുള്ള പല ദൃഷ്ടാന്തങ്ങളും. ഇതൊന്നും മാന്ത്രിക വിദ്യയാൽ സംഭവിച്ചതല്ലെന്നും മൂസാ(അ) പ്രത്യക്ഷപ്പെടുത്തുന്ന ദിവ്യാത്ഭുതം തന്നെയാണെന്നും അവർക്കു ബോധ്യമാകാതെയല്ല. എന്നിട്ടും കൊടിയ അഹന്തയും സത്യ-ധർമങ്ങളോടുള്ള ധിക്കാരവും മൂലം അവരതെല്ലാം മനഃപൂർവം നിഷേധിക്കുകയായിരുന്നു. وَجَحَدُوا بِهَا وَاسْتَيْقَنَتْهَا أَنفُسُهُمْ ظُلْمًا وَعُلُوًّا "അവരുടെ മനസ്സിന് ആ ദൃഷ്ടാന്തങ്ങൾ ബോധ്യപ്പെട്ടിട്ടും തികഞ്ഞ അഹന്തയാലും ദൈവധിക്കാരത്താലും അവരവയെ നിഷേധിച്ചു"(27:14). ദിവ്യാത്ഭുതങ്ങൾ ബോധ്യപ്പെട്ടതു കൊണ്ടാണ് അതു മൂലമുണ്ടായ പീഡകളിൽനിന്നു മോചനത്തിനുവേണ്ടി ദൈവത്തോടു പ്രാർഥിക്കാൻ അവർ മൂസാ(അ)യോട് അഭ്യർഥിക്കുന്നത്. പീഡകളിൽനിന്നു മുക്തരായാൽ തങ്ങൾ മൂസായിൽ വിശ്വസിച്ച് സന്മാർഗികളായിക്കൊള്ളാമെന്ന് വാക്ക് കൊടുക്കുകയും ചെയ്തു. അപ്പോഴും പക്ഷേ, മൂസാ(അ)യെ ساحر -മാന്ത്രികൻ- എന്നു സംബോധന ചെയ്യാതിരിക്കാൻ നിരങ്കുശമായ ധാർഷ്ട്യം അവരെ അനുവദിക്കുന്നില്ല. മൂസാ(അ)യുടെ പ്രവചന പ്രകാരം ഓരോ പീഡവരുമ്പോഴും അവരീ അഭ്യർഥനയും വാഗ്ദാനവും ആവർത്തിക്കുമായിരുന്നു. ചില സന്ദർഭങ്ങളിൽ يَا مُوسَىٰ -ഓ മൂസാ- എന്നും അവർ സംബോധന ചെയ്യുന്നുണ്ട്. ആദ്യത്തെതിനെക്കാൾ ഭയങ്കരമായ മറ്റൊരു വിപത്തണയുമ്പോൾ അങ്ങനെ സംബോധന ചെയ്യാൻ നിർബന്ധിതരായതാവാം. 7:114-ൽ ഓ മൂസാ എന്നു സംബോധന ചെയ്തുകൊണ്ടാണ് പ്രാർഥിക്കാനഭ്യർഥിക്കുന്നത്.

മൂസാ നബിക്ക് അല്ലാഹുവുമായി എന്തോ ഇടപാടുണ്ട് എന്ന് അവർ മനസ്സിലാക്കിയിരുന്നു. എന്നാൽ, അത് പ്രവാചകത്വമാണെന്ന് സമ്മതിക്കാൻ തയാറായിരുന്നില്ല. പ്രവാചകത്വത്തെ നിഷേധിക്കുന്നവരാണല്ലോ അവർ. അതുകൊണ്ട് بِمَا عَهِدَ عِندَكَ എന്നാണ്, അല്ലാഹുവും മൂസാ നബിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു പറയുന്നത്. عَهِد-ന്റെ അർഥം 7:134-നു താഴെ വിശദമാക്കിയിട്ടുണ്ട്. അതിനു പുറമെ, മഹാഗുരുക്കന്മാർ തങ്ങളുടെ ഏറ്റം പ്രമുഖ ശിഷ്യന്മാർക്ക് ഉപദേശിക്കുന്ന വിശേഷ ജ്ഞാനത്തിനും, മന്ത്രവാദികളെപ്പോലുള്ള അഭ്യാസികൾ പ്രധാന ശിഷ്യനു മാത്രമായി ഉപദേശിക്കുന്ന മന്ത്രത്തിനും വിദ്യക്കും എല്ലാം عهد എന്നു പറയുമെന്ന് ഇബ്നു ആശൂർ തന്റെ തഫ്സീറിൽ പറയുന്നുണ്ട്. തർജമയിൽ കൊടുത്ത 'വരം' എന്ന അർഥം ഈ ആശയങ്ങളെയെല്ലാം ഉൾക്കൊള്ളുന്നതാണ്.

ഫറവോനികളുടെ അഭ്യർഥന മാനിച്ച് മൂസാ(അ) പ്രാർഥിച്ചപ്പോഴൊക്കെ ആപത്തുകളകന്നുപോയി. പക്ഷേ, ആപത്തകന്നു കഴിഞ്ഞാൽ ജനം മൂസാ നബിക്കു കൊടുത്ത വാക്ക് മാറുകയും മറക്കുകയുമായിരുന്നു. പിരിച്ചു മുറുക്കിയ പാശം പിരിയഴിച്ച് ദുർബലമാക്കുകയാണ് ഭാഷാർഥത്തിൽ نكث. ഉറപ്പിച്ച വാഗ്ദാനത്തിൽനിന്ന് പിന്നോട്ടു പോവുക, ലംഘിക്കുക എന്ന് പ്രയോഗാർഥം. ഫറവോൻ പ്രഭൃതികൾ മൊത്തത്തിൽ വാക്കു മാറിയെങ്കിലും മൂസാ(അ)ക്ക് കൊടുത്ത വാക്ക് പാലിച്ച് അദ്ദേഹത്തെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതാണെന്ന് കരുതുന്നവരും നാട്ടിൽ അങ്ങിങ്ങ് ഉണ്ടായിരുന്നു. അതു മനസ്സിലാക്കിയ ഫറവോൻ നാടൊട്ടുക്കും തന്റെ അധികാരവും ആധിപത്യവും അനിഷേധ്യമാണെന്ന് ബഹുജനങ്ങളെ ഓർമിപ്പിക്കാനും ഉറപ്പിക്കാനും നാടൊട്ടുക്കും ദൂതന്മാരെ നിയോഗിച്ചു. അവർ രാജാവിന്റെ തിരുവചനം വിളംബരം ചെയ്തു: അല്ലയോ പ്രജകളേ, മിസ്രയീം ദേശത്തിന്റെ ആധിപത്യവും അധികാരവും എനിക്കു മാത്രമല്ലയോ, ഈ നദികൾ ഒഴുകിക്കൊണ്ടിരിക്കുന്നത് എനിക്കു കീഴിലല്ലയോ? നിങ്ങളതു കാണുന്നില്ലയോ? ഈജിപ്തിലെ നൈൽ നദിയെയാണ് أنهار -നദികൾ- എന്നു പറഞ്ഞിരിക്കുന്നത്. നൈലിന്റെ കൈവഴികളെയും പോഷക നദികളെയും ചേർത്താണ് 'നദികൾ' എന്ന ബഹുവചന പ്രയോഗം. താൽപര്യമിതാണ്: മൂസായുടെ കാര്യത്തിൽ എന്റെ പ്രജകൾ ഒട്ടും സംശയിക്കേണ്ടതില്ല. അയാൾ തനി കപടനും സ്വാർഥനായ മന്ത്രവാദിയും തന്നെയാണ്.

**മൂസാ നബിക്ക് അല്ലാഹുവുമായി എന്തോ ഇടപാടുണ്ട് എന്ന് അവർ മനസ്സിലാക്കിയിരുന്നു. എന്നാൽ, അത് പ്രവാചകത്വമാണെന്ന് സമ്മതിക്കാൻ തയാറായിരുന്നില്ല. പ്രവാചകത്വത്തെ നിഷേധിക്കുന്ന വരാണല്ലോ അവർ.**

നിങ്ങൾ കാണുന്നുണ്ടല്ലോ, ഈജിപ്തിന്റെ പരമാധികാരിയാണ് ഞാൻ. രാജ്യം സംരക്ഷിക്കാനും വികസിപ്പിക്കാനും ശത്രുക്കളെ തുരത്താനുമെല്ലാം ഉത്തരവാദപ്പെട്ടവൻ. നിങ്ങളുടെ ക്ഷേമ സൗഭാഗ്യങ്ങൾ ഉറപ്പു വരുത്തേണ്ടവൻ. നിങ്ങളുടെ സമ്പൽ സമൃദ്ധിക്കാധാരമായ നൈലും ഇതിന്റെ കൈവഴികളും ഒഴുകുന്നത് എന്റെ കീഴിലാണ്. ഇങ്ങനെയൊക്കെയുള്ള ഞാനിരിക്കെ എനിക്കു മീതെ ഒരു വിധാതാവുണ്ടാവുകയോ? ഇനി ഉണ്ടെന്നു വെച്ചാൽ തന്നെ അവൻ തന്റെ ദൗത്യത്തിന് തെരഞ്ഞെടുക്കുക രാജാവായ എന്നെയോ എന്റെ രാജധാനിയിലെ ഏതെങ്കിലും പ്രമുഖനെയോ അല്ലാതെ അടിമക്കൂട്ടത്തിൽ പെട്ട മൂസായെയാണോ, അതും എന്നോടൊന്നാലോചിക്കുക പോലും ചെയ്യാതെ! ആലോചിച്ചു നോക്കുക: താൻ പറയുന്നതെന്താണെന്ന് കേൾവിക്കാരെ ബോധ്യപ്പെടുത്താൻ പോലും കഴിയാത്ത ഈ അധമനെക്കാൾ പ്രവാചകത്വത്തിനും ദൈവിക ദൗത്യത്തിനുമൊക്കെ യോഗ്യനും ശ്രേഷ്ഠനും ഞാനല്ലയോ? മൂലത്തിൽ لَا يَكَادُ يُبِينُ എന്നാണ് പറഞ്ഞിരിക്കുന്നത്. 'വെളിപ്പെടുത്താറാകുന്നില്ല' എന്നാണ് വാക്കർഥം. ഇതുകൊണ്ടുദ്ദേശിക്കുന്നത് മൂസാ നബിക്ക് ജന്മനാ ഉണ്ടായിരുന്ന വിക്കിനെയാണെന്ന് പല വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടിരിക്കുന്നു. മൂസാ(അ)ക്ക് ജന്മനാ വിക്കുണ്ടായിരുന്നുവെന്നതിന് തെളിവായി പറയുന്നത് وَاحلل عقدة من لِساني എന്ന അദ്ദേഹത്തിന്റെ പ്രാർഥനയാണ്. എന്റെ നാവിന്റെ കെട്ടഴിക്കേണമേ എന്നാണതിനർഥം. നാവിന്റെ 'കെട്ട്' വിക്ക് തന്നെ ആവണമെന്നില്ല. ഞാൻ വാചാലനല്ല, ആളുകൾക്ക് മനസ്സിലാകുംവണ്ണം സംസാരിക്കാൻ എനിക്ക് വാഗ്വിലാസം പ്രദാനം ചെയ്യേണമേ എന്നും അതിനർഥമാകാം. ഈ അർഥമാണ് ചില പണ്ഡിതന്മാർ സ്വീകരിച്ചിട്ടുള്ളത്. അതെന്തായാലും അല്ലാഹു അദ്ദേഹത്തിന്റെ പ്രാർഥന സ്വീകരിച്ചിരുന്നു. قَالَ قَدْ أُوتِيتَ سُؤْلَكَ يَا مُوسَى "അല്ലാഹു പറഞ്ഞു: ഓ മൂസാ, നീ ചോദിച്ചത് നാം തന്നു കഴിഞ്ഞിരിക്കുന്നു" (20:36). മൂസാ(അ)ക്കുണ്ടായിരുന്നത് വിക്കായാലും വാചാലതക്കുറവായാലും അദ്ദേഹത്തിന്റെ പ്രാർഥന അല്ലാഹു സ്വീകരിച്ചതോടെ അതില്ലാതായി. അപ്പോൾ ഇവിടെ 'വെളിപ്പെടുത്താറാകുന്നില്ല' എന്നു പറയുന്നതിന്റെ താൽപര്യം, നമ്മെ ബോധ്യപ്പെടുത്താനും നമുക്കുൾക്കൊള്ളാനും കഴിയാത്ത സങ്കീർണവും ദുർഗ്രഹവുമായ കാര്യങ്ങളാണവൻ പറയുന്നത് എന്നാകാനേ തരമുള്ളൂ. തനിക്കു മീതെ ഒരു പ്രപഞ്ച വിധാതാവ് -ربّ العالمين- ഉണ്ടെന്ന വാദവും, നൂറ്റാണ്ടുകളായി തങ്ങളുടെ അടിമകളായ ഇസ്രാഈല്യരെ സ്വതന്ത്രരാക്കണമെന്ന ആവശ്യവുമൊന്നും ഫറവോനികൾക്ക് അംഗീകരിക്കാൻ കഴിയുന്നതല്ലല്ലോ. 20:27-36 സൂക്തങ്ങൾക്കു താഴെ ഈ വിഷയം ചർച്ച ചെയ്തിരിക്കുന്നു.

'ഇവനെ ദൈവം നിയോഗിച്ചയച്ചതാണെങ്കിൽ ഇവന്റെ കരങ്ങളിൽ കനക കങ്കണങ്ങളില്ലാത്തതെന്തേ?' എന്ന ചോദ്യം അക്കാലത്ത് അധികാരത്തിന്റെയും ഐശ്വര്യത്തിന്റെയും ചിഹ്നമായി കൈകളിൽ സ്വർണ വളകളണിയുന്ന സമ്പ്രദായം ഉണ്ടായിരുന്നതിനെ ആസ്പദിച്ചു കൊണ്ടുള്ളതാണ്. മറ്റു രാജ്യങ്ങളിലേക്കയക്കുന്ന പ്രതിപുരുഷന്മാരുടെയും വിവിധ പ്രവിശ്യകളിലേക്കയക്കുന്ന ഗവർണർമാരുടെയും പ്രാതിനിധ്യത്തിന്റെയും അധികാരത്തിന്റെയും ചിഹ്നമായിരുന്നു കൈകളിലെ സ്വർണവളകൾ. തനിക്കു മീതെ ഉണ്ടെന്നു പറയുന്ന വിധാതാവ് ഭൂമിയിലേക്ക് ഒരു ദൂതനെ അയക്കുമ്പോൾ ആ നിയോഗത്തിന്റെ അടയാളമായി അയാളുടെ കരങ്ങളിൽ ഒരു കനക കങ്കണമണിയിക്കാതിരുന്നതെന്തേ എന്നാണ് ഫറവോൻ ചോദിക്കുന്നത്. അല്ലെങ്കിൽ ആ പ്രവാചകന് അകമ്പടിയായി കുറെ മലക്കുകളെ അയക്കേണ്ടതല്ലേ? 26-ാം സൂക്തത്തിൽ വന്ന قرين-ൽ നിന്നുള്ളതാണ് مُقْتَرِنِينَ. വിട്ടുപിരിയാതെ സദാ സഹവസിക്കുന്ന കൂട്ടുകാരായിട്ട് എന്നാണ് താൽപര്യം.

**തനിക്കു മീതെ ഉണ്ടെന്നു പറയുന്ന വിധാതാവ് ഭൂമിയിലേക്ക് ഒരു ദൂതനെ അയക്കുമ്പോൾ ആ നിയോഗത്തിന്റെ അടയാളമായി അയാളുടെ കരങ്ങളിൽ ഒരു കനക കങ്കണമണിയിക്കാതിരുന്നതെന്തേ എന്നാണ് ഫറവോൻ ചോദിക്കുന്നത്.**

ഫറവോന്റെ ഈ വിളംബരത്തിൽ വിളങ്ങുന്ന, അയാളുടെ അധികാര ഡംഭും ധിക്കാരവും കാപട്യവും തന്നെയാണ് 'മക്കയിലും ത്വാഇഫിലും ഞങ്ങളെപ്പോലുള്ള മഹാ പുരുഷന്മാരിരിക്കെ ഈ ഏഴയായ മുഹമ്മദിന് വേദമിറക്കിയതെന്തേ' എന്ന് ചോദിക്കുന്ന ഖുറൈശികളെയും ഭരിക്കുന്നത് എന്ന് സൂചിപ്പിക്കുകയാണ്. അതാണ് ഈ സന്ദർഭത്തിൽ മൂസാ-ഫറവോൻ സംഭവം അനുസ്മരിക്കുന്നതിന്റെ ഔചിത്യം. ഫറവോൻ ചോദിച്ചതുപോലെ, മുഹമ്മദിന് (സ) കനകക്കൊട്ടാരമില്ലാത്തതെന്ത്, അല്ലാഹുവിന്റെയും മലക്കുകളുടെയും അകമ്പടിയില്ലാത്തതെന്ത് എന്നും ഖുറൈശികൾ ചോദിച്ചിരുന്നതായി 17: 92-93 സൂക്തങ്ങൾ പറയുന്നുണ്ട്. ●